LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ ഇൻകെൽ എഡ്യൂസിറ്റി

299 (639) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഇൻകെൽ എഡ്യൂസിറ്റി മൊത്തം എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട് ; എത്ര സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചു ; ഏതെല്ലാം സംരംഭകർക്ക് ഏതെല്ലാം പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമി വീതം അനുവദിച്ചിട്ടുണ്ട് ;

(ബി) എഡ്യൂക്കേഷൻ സിറ്റിയും ഭൂമി അലോട്ട് ചെയ്ത കിട്ടിയ സംരംഭങ്ങളും തമ്മിലുള്ള ബന്ധം വിശദീകരിക്കാമോ ;

(സി) എഡ്യൂക്കേഷൻ സിറ്റിക്ക വേണ്ടി ഇൻകെലിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) എഡ്യൂക്കേഷൻ സിറ്റി പദ്ധതിയ്ക്ക് ഇൻകെൽ ഇതിനകം ചെലവഴിച്ച തുക എത്ര ; ഇൻകെലിന് സർക്കാർ ഷെയർ എത്ര ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ഇൻകെൽ എഡ്യൂസിറ്റിക്ക് മൊത്തം 168 ഏക്കർ ഭൂമി കൈവശമുണ്ട്. 19 സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എഡ്യൂക്കേഷൻ സിറ്റിയിലെ സംരംഭകർക്ക് ദീർഘകാല പാട്ടക്കരാറിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം അനുവദിക്കുന്നത്. പാട്ടക്കരാറിലെ വ്യവസ്ഥ അനുസരിച്ച് Lessor, Lessee ബന്ധമാണ് എഡ്യൂസിറ്റിയും സംരംഭകരും തമ്മിലുള്ളത്. ഇൻകെൽ എഡ്യൂസിറ്റി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, വൈദ്യുതി, ജലവിതരണം തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടാണ് പുതിയ സംരംഭകർക്കായി പ്ലോട്ടുകൾ നൽകിയിട്ടുള്ളത്. നെറ്റ് വർക്കിങ് ട്രെയിനിംഗ് ഫൗണ്ടേഷൻ (എൻ.ടി.ടി.എഫ്)-മായി ഇൻകെൽ-എൻ.ടി.ടി.എഫ്. എന്ന സംയുക്ത സംരംഭം നടപ്പിലാക്കിയിട്ടുണ്ട്.

(സി) എഡ്യൂക്കേഷൻ സിറ്റിക്ക് വേണ്ടി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3 എം.എൽ.ഡി. വാട്ടർ സപ്ലൈ സ്കീം മുനിസിപ്പാലിറ്റിയുമായി ചേർന്ന് നടപ്പിലാക്കാനുള്ള പദ്ധതി മുന്നോട്ടു വെച്ചിട്ടുണ്ട്. എഡ്യൂസിറ്റിയിലേക്കുള്ള റോഡിന്റെ വീതി കൂട്ടൽ കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്.

(ഡി) എഡ്യൂസിറ്റി പദ്ധതിക്കു വേണ്ടി ഇൻകെൽ ഇതിനകം 41.38 കോടി രൂപ ചെലവഴിച്ചു. ഇൻകെൽ സ്വന്തമായി നടപ്പാക്കുന്ന പദ്ധതിയാണ് എഡ്യൂസിറ്റി. ഇൻകെലിൽ സർക്കാർ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് ഉദ്ദേശം 32% ഷെയർ എടുത്തിട്ടുണ്ട്.

കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ

300 (640) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ കാഷ്യൂ ഫാക്ടറി മാനേജ്മെന്റ്, കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) കാഷ്യൂ സ്പെഷ്യൽ ഓഫീസർ കാഷ്യൂ ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധം സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിയമനിഷേധം നടത്തുന്ന മാനേജ്മെന്റിനെതിരെ കേസുകൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കശുവണ്ടി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരികയാണ്. നാളിതുവരെ 180-ഓളം ഫാക്ടറികളിൽ പരിശോധന നടത്തുകയും നിയമ ലംഘനങ്ങൾ പരിഹരിച്ചെന്ന് ബോധ്യമായ ഫാക്ടറികൾക്കെതിരായ നടപടികൾ അവസാനിപ്പിക്കുകയും അവശേഷിക്കുന്ന ഫാക്ടറികൾക്കെതിരെ തുടർ നിയമ നടപടികൾ സ്വീകരിച്ചും വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly